ഉത്തരം

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പൊന്നംവില നടപടികളൊന്നും നിലവിലില്ലാത്തതും ആയതിലേക്ക് റിക്വിസിഷൻ ലഭ്യമായിട്ടില്ലാത്തതുമാണ്.

(ബി&സി) ബാധകമല്ല.

വില്ലേജ് ഓഫീസുകളുടെ നവീകരണം

137(1203) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസു കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പ്രവൃത്തി പുരോഗതി എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജാക്കുന്നതിനായി 11,28,000 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെറ്റിലപ്പാറ, കീഴുപറമ്പ്, മൂർക്കനാട്, കരുവാരക്കുണ്ട്, എടപ്പാൾ എന്നീ വില്ലേജുകൾക്ക് വില്ലേജ് ഓഫീസ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 50,00,000 രൂപാവീതം പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നതുമാണ്. മറ്റ് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടത്തിവരാറുള്ളത്.

വില്ലേജ് ഓഫീസുകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതി

138(1204) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവിധ തരം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം ഓൺ ലൈനായി നൽകുമ്പോൾ സേവനാവകാശ നിയമ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly